# കേരള സർവകലാശാല

നം. പി.ആർ.011/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.കോം പ്രാക്ടിക്കൽ

കേരള സർവകലാശാല 2016 നവംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.കോം. (സി.ബി.സി.എസ്) പരീക്ഷയുടെ പ്രാക്ടിക്കൽ ജനുവരി 30, ഫെബ്രുവരി ഒന്ന്, മൂന്ന് തീയതികളിൽ അതത് കോളേജുകളിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.ടെക് പരീക്ഷ ടൈംടേബിൾ

കേരള സർവകലാശാല മൂന്നാം സെമസ്റ്റർ ബി.ടെക്. (2013 സ്കീം-ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി/പാർട്ട് ടൈം) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.ടെക് പരീക്ഷ ടൈംടേബിൾ

കേരള സർവകലാശാല മൂന്നാം സെമസ്റ്റർ ബി.ടെക്. (2013 സ്കീം) കാര്യവട്ടം എഞ്ചിനീയറിംഗ് കോളേജ് റഗുലർ (2015 അഡ്മിഷൻ) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും

### ത്രിദിന ദേശീയ സെമിനാർ

കേരള സർവകലാശാല കാര്യവട്ടം ഹിന്ദി പഠനവകുപ്പിൽ 2017 ജനുവരി 17 മുതൽ 19 വരെ 'ഹിന്ദി സാഹിത്യത്തിലെ ഗ്രാമ സങ്കൽപം' എന്ന വിഷയത്തിൽ ത്രിദിന ദേശീയ സെമിനാർ പ്രോ-വൈസ് ചാൻസലർ ഡോ. എൻ. വീരമണികഠ്ണൻ ഉദ്ഘാടനം ചെയ്യും. സിൻഡിക്കേറ്റംഗമായ അഡ്വ. എ.എ. റഹിം ആശംസ അർപ്പിക്കുന്ന ചടങ്ങിൽ പ്രമുഖർ പങ്കെടുക്കും.

### ത്രിദിന പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു

പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി തിരഞ്ഞെടുത്ത് കേരള സർവകലാശാല അസിസ്റ്റന്റുമാരായി നിയമിക്കപ്പെട്ടവർക്ക് കേരള സർവ്വകലാശാല നടത്തിയ ത്രിദിനപരിശീലനപരിപാടി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. പി. കെ. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഡയറക്ടർ പ്രൊഫ. എസ്. വി. സുധീർ, ജോയിന്റ് രജിസ്ട്രാർ ശ്രീ. ആർ. ദിലീപ് എന്നിവർ പങ്കെടുത്തു. നാല് ബാച്ചുകളിലായി 232 പേർക്കാണ് പരിശീലനം നൽകിയത്.

(ഫോട്ടോ ഇ-മെയിൽ ചെയ്തിട്ടുണ്ട്)



*അടിക്കുറിപ്പ്*: പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി തെരഞ്ഞെടുത്ത് കേരള സർവകലാശാല അസിസ്റ്റന്റുമാരായി നിയമിക്കപ്പെട്ടവർക്ക് കേരള സർവകലാശാല നടത്തിയ ത്രിദിന പരിശീലനപരിപാടി സർവകലാശാല വൈസ്ചാൻസലർ പ്രൊഫ. പി.കെ. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു. ഡയറക്ടർ പ്രൊഫ. എസ്.വി. സുധീർ, ജോയിന്റ് രജിസ്ട്രാർ ശ്രീ. ആർ. ദിലീപ് എന്നിവർ സമീപം.

## ത്രിദിന ദേശീയ സെമിനാർ

കേരള സർവകലാശാല കാര്യവട്ടം ലിംഗ്വസ്റ്റിക്സ് പഠനവകുപ്പിൽ 2017 ജനുവരി 18 മുതൽ 20 വരെ വകുപ്പ് സെമിനാർ ഹാളിൽ ദേശീയ സെമിനാർ നടത്തും. ജനുവരി 18 രാവിലെ 10 മണിയ്ക്ക് കവിയും എഴുത്തുകാരനുമായ ശ്രീ. പ്രഭാ വർമ്മ സെമിനാർ ഉദ്ഘാടനം ചെയ്യും. ഇന്റർനാഷണൽ സ്കൂൾ ഓഫ് ദ്രാവീഡിയൻ ലിംഗ്വസ്റ്റിക്സ് ഡയറക്ടർ പ്രൊഫ. ജി.കെ. പണിക്കർ അദ്ധ്യക്ഷം വഹിക്കുന്ന ചടങ്ങിൽ സിൻഡിക്കേറ്റംഗമായ ഡോ. പി.എം. രാധാമണി പങ്കെടുക്കും.

തിരുവനന്തപുരം. | പബ്ലിക് റിലേഷൻസ് ഓഫീസർ
16.01.2017

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**